## രാമള്ളയില് ഒരു പലസ്തീന്- ഇന്ത്യാ ടെക്നോ പാര്ക്ക് ആരംഭിക്കുവാനുള്ള ധാരണാപത്രത്തില് ഇന്ത്യയും പലസ്തീനും ഒപ്പ് വച്ചു

ഒക്ടോബര്  31, 2016

രാമള്ളയില് ഒരു പലസ്തീന്- ഇന്ത്യാ ടെക്നോ പാര്ക്ക് ആരംഭിക്കുവാനുള്ള ധാരണാപത്രത്തില് ഇന്ത്യയും പലസ്തീനും ഒക്ടോബര് 31, 2016 നു ഒപ്പ് വച്ചു. ഇന്ത്യയുടെ ആദരണീയനായ രാഷ്ട്രപതി ഒക്ടോബര്  2015 ല് നടത്തിയ പലസതീന് സന്ദർശനത്തില് പാർക്ക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു . പാർക്ക് സ്ഥാപിക്കുവാനായി രണ്ടു വർഷത്തേക്ക് അർദ്ധ വാർഷികമായി  മൂന്നു ദശലക്ഷം അമേരിക്കന് ഡോളര് വീതം എന്ന കണക്കില്  12 ദശലക്ഷം അമേരിക്കന് ഡോളര് ധനസഹായം ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി . പദ്ധതിക്കു ആവശ്യമായ ഭൂമി പലസ്തീന് ഗവൺമെന്റ് നല്കി . പദ്ധതി പൂർത്തിയായിക്കഴിയുമ്പോള്  ഐടി മേഖലയുമായി ബന്ധപ്പെട്ടുള്ള എല്ലാ സേവനങ്ങളും നൽകുന്ന ഒരു ഇടമായി ഈ ടെക്നോപാർക്ക് മാറുകയും പലസ്തീനിലെ  പൂർണമായ  ഐടി സൌകര്യങ്ങള് നിറഞ്ഞ ഒരു കേന്ദ്രമാകുകയും ചെയ്യും, അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു നിർമിക്കുന്ന  ഈ കേന്ദ്രം  ഐടി കമ്പനികള് , വിദേശകമ്പനികള് എന്നിവയ്ക്ക് ആതിഥ്യം അരുളുകയും അതിലൂടെ പ്രാദേശിക വ്യാപാരം, സർവകലാശാലകള്, മറ്റ് സ്ഥാപനങ്ങള് എന്നിവക്കു പ്രയോജനകരമാകുകയും ചെയ്യും

പലസ്തീന് വിഷയത്തില് പിന്തുണക്കുവാനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ശക്തമായ പ്രതിബദ്ധതയുടെ ഭാഗം ആണ് ഈ പദ്ധതി . പദ്ധതിയിലൂടെ പലസ്തീനിലെ യുവാക്കൾക്ക്    തൊഴില് അവസരങ്ങള് , വ്യാപാരം മറ്റുള്ള അവസരങ്ങള് എന്നിവ സൃഷ്ടിക്കപ്പെടും

ന്യൂ ഡെൽഹി
ഒക്ടോബര്  31, 2016